(ഡി) സർക്കാർ ഉടമയിലുള്ള കേരളാ ബുക്ക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ പരമാവധി കഴിവിനും ഉപരിയായിവരുന്ന ജോലി മാത്രമേ പ്രൈവറ്റ് പ്രസ്സുകാരെ ഏൽപ്പിക്കാറുള്ളൂ. പ്രസ്സുകളുടെ കഴിവിനെ അടിസ്ഥാനപ്പെടുത്തിയും അച്ചടിക്കൂലിയിലുള്ള കുറവ് കണക്കിലെടുത്തുമാണ് പാഠപുസ്തകങ്ങളുടെ അച്ചടി പ്രൈവറ്റ് പ്രസ്സുകാർക്ക് നൽകുന്നത്. ഗവൺമെൻറിന് നഷ്ടം വരാത്തവിധത്തിൽ സമയ പരിധിക്കുള്ളിൽ തന്നെ അച്ചടി പൂർത്തിയാക്കി പാഠപുസ്തകങ്ങൾ വിതരണത്തിനു ലഭ്യമാക്കുമെങ്കിൽ സംസ്ഥാനത്തിലെ പ്രസ്സുകളിൽ അച്ചടി ജോലി ഏൽപ്പിക്കുന്നതിന് ഗവൺമെൻറ് തയ്യാറാണ്.

പാഠപുസ്തകങ്ങളുടെ അച്ചടി

487 [530] ഡോ. എ. സുബ്ബറാവു:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കാനം രാജേന്ദ്രൻ:
,, വി.കെ. രാജൻ:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തെ പാഠപുസ്തകങ്ങളുടെ അച്ചടികളിൽ വ്യാപകമായ അക്ഷരത്തെറ്റുകൾ സംഭവിച്ചിട്ടുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്റ്റാൻഡേർഡുകളിലെ പാഠപുസ്തകങ്ങളിലാണ് അക്ഷരത്തെറ്റുകൾ ഉണ്ടായിട്ടുള്ളത്;

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല. പുനഃപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടാൽ അടുത്ത പതിപ്പുകളിൽ ഈ തെറ്റുകൾ പരിഹരിക്കുവാൻ സത്വരനടപടികൾ കൈക്കൊള്ളുന്നതാണ്.

പുതിയ കോഴ്സുകൾ

488 [531] ശ്രീ. പി.എം. അബൂബക്കർ:
,, പി.സീതി ഹാജി:
,, പി.കെ. കുഞ്ഞാലിക്കുട്ടി:
,, നാലകത്ത് സൂപ്പി:
,, കൊരമ്പയിൽ അഹമ്മദ് ഹാജി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഈ അദ്ധ്യയന വർഷത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കാനും യൂണിവേഴ്സിറ്റികൾ ശുപാർശ ചെയ്ത കോളേജുകളുടെ പേര് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly